أذْكَارُ الصَّبَاحِ والمَسَاءِ

# രാവിലെയും വൈകുന്നേരവുമുള്ള ദിക്റുകൾ

പരിശോധന: അബ്ദുൽ ജബ്ബാർ അബ്ദുല്ല മദീനി

insight
ഇസ്‌ലാമിക് എക്സിബിഷൻ
2020 ജനുവരി 10 മുതൽ 17 വരെ, ഷറഫിയ്യ – ജിദ്ദ

**١. آيَةُ الْكُرْسِيِّ (ആയത്തുൽ കുർസി)**

1 തവണ

(എല്ലാ ഫർദ് നമസ്കാരങ്ങൾക്ക് ശേഷവും ആയത്തുൽ ക്വുർസിയ്യ് പാരായണം ചെയ്താൽ അവന് സ്വർഗ പ്രവേശനത്തിന് മരണമല്ലാതെ തടസ്സമില്ലെന്ന് നബി ﷺ പഠിപ്പിച്ചിട്ടുണ്ട്)

**٢. الْإِخْلَاص، الْفَلَق، النَّاس (ഇഖ്‌ലാസ്വ്, ഫലക്വ്, അന്നാസ്)**

3 തവണ

(സൂറ ഇഖ്‌ലാസ്വ്, അൽഫലക്വ്, അന്നാസ് എന്നിവ പ്രഭാത പ്രദോഷങ്ങളിൽ മൂന്ന് തവണ വീതം പാരായണം ചെയ്യുന്നവർക്ക് എല്ലാ വിപത്തുക്കളും ചെറുക്കപ്പെടുമെന്ന് തിരുമൊഴിയുണ്ട്)

٣. أَصْبَحْنَا وَأَصْبَحَ (أَمْسَيْنَا وَأَمْسَى) الْمُلْكُ لِلَّهِ. وَالْحَمْدُ لِلَّهِ، لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، رَبِّ أَسْأَلُكَ خَيْرَ مَا فِي هَذَا الْيَوْمِ (هَذِهِ اللَّيْلَةِ) وَخَيْرَ مَا بَعْدَهُ (مَا بَعْدَهَا) وَأَعُوذُ بِكَ مِنْ شَرِّ مَا فِي هَذَا الْيَوْمِ (هَذِهِ اللَّيْلَةِ) وَشَرِّ مَا بَعْدَهُ (مَا بَعْدَهَا)، رَبِّ أَعُوذُ بِكَ مِنَ الْكَسَلِ، وَسُوءِ الْكِبَرِ، رَبِّ أَعُوذُ بِكَ مِنْ عَذَابٍ فِي النَّارِ وَعَذَابٍ فِي الْقَبْرِ.

1 തവണ

3. ഞങ്ങൾ പ്രഭാതത്തിലേക്ക്(പ്രദോഷത്തിലേക്ക്) പ്രവേശിച്ചിരിക്കുന്നു. പ്രഭാതത്തിന്റെ(പ്രദോഷത്തിന്റെ) ആധിപത്യം അല്ലാഹുവിനാകുന്നു. സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു. അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. രാജാധികാരവും സർവ്വ സ്തുതിയും അവനാണ്. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്. നാഥാ ഈ പകലിലേയും (രാത്രിയിലേയും) അതിനു ശേഷമുള്ളതിലേയും നന്മകളെ നിന്നോട് ഞാൻ ചോദിക്കുന്നു. ഈ പകലിലേയും(രാത്രിയിലേയും) അതിനു ശേഷമുള്ളതിലേയും തിന്മകളിൽ നിന്ന് ഞാൻ നിന്നിലഭയം തേടുന്നു. നാഥാ, അലസതയിൽ നിന്നും വാർദ്ധക്യത്തിന്റെ വിഷമത്തിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു. നാഥാ, നരകത്തിലേയും ഖബ്റിലേയും ശിക്ഷകളിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു.

٤. حَسْبِيَ اللهُ لاَ إِلَهَ إِلاَّ هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ

7 തവണ

4. എനിക്ക് അല്ലാഹു മതി. അവനല്ലാതെ ആരാധ്യനില്ല. അവനിൽ ഞാൻ ഭരമേൽപ്പിക്കുന്നു. അവൻ മഹത്തായ സിംഹാസനത്തിന്റെ നാഥനാണ്.

٥. أَصْبَحْنَا (أَمْسَيْنَا) عَلَى فِطْرَةِ الإِسْلَامِ، وَعَلَى كَلِمَةِ الإِخْلَاصِ، وَعَلَى دِينِ نَبِيِّنَا مُحَمَّدٍ ﷺ وَعَلَى مِلَّةِ أَبِينَا إِبْرَاهِيمَ حَنِيفاً مُسْلِماً وَمَا كَانَ مِنَ الْمُشْرِكِينَ .

1 തവണ

5. ഇസ്‌ലാമിന്റെ പ്രകൃതിയിലും നിഷ്കളങ്ക വചനത്തിലും നമ്മുടെ നബി ﷺ യുടെ മതത്തിലും നമ്മുടെ പിതാവായ ഇബ്റാഹീം നബിയുടെ ചര്യയിലുമായി ഞങ്ങൾ പ്രഭാതത്തി(പ്രദോഷത്തി)ലായിരിക്കുന്നു. അദ്ദേഹം ഋജുമനസ്കനും കീഴ്പെട്ടവനുമാണ്. ബഹുദൈവാരാധകരിൽ പെട്ടവനുമല്ല.

٦. اَللهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالعَافِيَةَ فِي الدُّنْيَا وَالأَخِرَةِ . اَللهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي وَدُنْيَايَ وَأَهْلِي وَمَالِي ، اَللهُمَّ اسْتُرْ عَوْرَاتِي وَآمِنْ رَوْعَاتِي ، اَللهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ وَمِنْ خَلْفِي وَعَنْ يَمِينِي وَعَنْ شِمَالِي وَمِنْ فَوْقِي وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي .

1 തവണ

6. അല്ലാഹുവേ, മാപ്പും ഇഹത്തിലും പരത്തിലും സൗഖ്യവും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എന്റെ മത കാര്യത്തിലും ഐഹിക ജീവിതത്തിലും കുടുംബത്തിലും ധനത്തിലും സൗഖ്യവും മാപ്പും നിന്നോട് ഞാൻ ചോദിക്കുന്നു. അല്ലാഹുവേ, എന്റെ രഹസ്യങ്ങൾ നീ മറച്ചുവെക്കുകയും ഭീതികളിൽ നിന്ന് എനിക്ക് മോചനം നൽകുകയും ചെയ്യേണമേ! അല്ലാഹുവേ, എന്റെ മുന്നിലൂടെയും പിന്നിലൂടെയും വലതു ഭാഗത്തിലൂടെയും ഇടതു ഭാഗത്തിലൂടെയും മുകളിലൂടെയും എന്നെ പരിരക്ഷിക്കേണമേ! താഴ്ഭാഗത്തിലൂടെ ഞാൻ ആഴ്ത്തപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വം കൊണ്ട് ഞാൻ അഭയം തേടുന്നു.

٧. اَللهُمَّ إِنِّي أَصبحْتُ (أَمْسَيْتُ) أُشْهِدُكَ وَأُشْهِدُ حَمَلَةَ عَرْشِكَ وَمَلاَئِكَتِكَ وَجَمِيعَ خَلْقِكَ ، أَنَّكَ أَنْتَ اللهُ لاَ إِلَهَ إِلاَّ أَنْتَ ، وَحْدَكَ لَا شَرِيكَ لَكَ وَأَنَّ مُحَمَّداً عَبْدُكَ وَرَسُولُكَ

**4 തവണ**

7. അല്ലാഹുവേ, ഞാൻ പ്രഭാതത്തിൽ പ്രവേശിച്ചു (പ്രദോഷത്തിൽ പ്രവേശിച്ചു), ഞാൻ നിന്നെ സാക്ഷിയാക്കുന്നു, നിന്റെ അർശിന്റെ വാഹകരേയും നിന്റെ മലക്കുകളേയും നിന്റെ സകല സൃഷ്ടികളേയും ഞാൻ സാക്ഷിയാക്കുന്നു, നിശ്ചയം, നീയാകുന്നു അല്ലാഹു. യഥാർത്ഥ ആരാധനക്കർഹനായി നീ മാത്രം. നീ ഏകനും യാതൊരു പങ്കുകാരനില്ലാത്തവനുമാകുന്നു. നിശ്ചയം, മുഹമ്മദ് നബി നിന്റെ ദാസനും നിന്റെ ദൂതനുമാകുന്നു.

٨. اَللهُمَّ بِكَ أَصبحْنَا وَبِكَ أَمْسَيْنَا (بِكَ أَمْسَيْنَا، وَبِكَ أَصْبَحْنَا)، وَبِكَ نَحْيَا وَبِكَ نَمُوتُ، وَإِلَيْكَ النُّشُورُ (الْمَصِيرُ)

**1 തവണ**

8. അല്ലാഹുവേ, നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ പ്രഭാത (പ്രദോഷ) ത്തിലായിരിക്കുന്നു. നിന്റെ (സഹായം) കൊണ്ട് ഞങ്ങൾ പ്രദോഷ (പ്രഭാത) ത്തിലുമായിരിക്കുന്നു. ഞങ്ങൾ ജീവിക്കുന്നതും മരിക്കുന്നതും നിന്നെക്കൊണ്ടാണ്. നിന്നിലേക്കാണ് മടക്കവും (ഉയർത്തെഴുന്നേല്പും).

٩. اَللهُمَّ مَا أَصبحَ (أمسى) بِي مِنْ نِعْمَةٍ، أَوْ بِأَحَدٍ مِنْ خَلْقِكَ، فَمِنْكَ وَحْدَكَ لاَ شَرِيكَ لَكَ، فَلَكَ الْحَمْدُ وَلَكَ الشُّكْرُ

**1 തവണ**

9. അല്ലാഹുവേ, എനിക്കോ നിന്റെ സൃഷ്ടികളിലാർക്കെങ്കിലുമോ രാവിലെ യാ (വൈകുന്നേരമാ) യപ്പോൾ ലഭിച്ചിട്ടുള്ള ഏതൊരനുഗ്രഹവും നിന്നിൽ നിന്ന് മാത്രമാണ്. നിനക്ക് പങ്കുകാരില്ല. സർവ്വ സ്തുതിയും നിനക്കാണ്. നന്ദിയും നിനക്ക് തന്നെ.

١٠. اَللهُمَّ عَافِنِي فِي بَدَنِي ، اَللهُمَّ عَافِنِي فِي سَمْعِي ، اَللهُمَّ عَافِنِي فِي بَصَرِي ، لَا إِلَهَ إِلَّا أَنْتَ اَللهُمَّ إِنِّي أَعُوذُ بِكَ مِنَ الْكُفْرِ ، وَالْفَقْرِ ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ ، لاَ إِلَهَ إِلاَ أَنْتَ .

**3 തവണ**

10. അല്ലാഹുവേ, എന്റെ ശരീരത്തിന് നീ സൗഖ്യം നൽകേണമേ. അല്ലാഹുവേ, എന്റെ കേൾവിക്ക് നീ സൗഖ്യം നൽകേണമേ! അല്ലാഹുവേ, എന്റെ കാഴ്ചക്ക് നീ സൗഖ്യം നൽകേണമേ! നീ അല്ലാതെ ആരാധ്യനില്ല. അല്ലാഹുവേ, അവിശ്വാസത്തിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നിലഭയം തേടുന്നു. നീ അല്ലാതെ ഒരാരാധ്യനുമില്ല.

١١. اَللهُمَّ أَنْتَ رَبِّي لَا إِلَهَ إِلَّا أَنْتَ خَلَقْتَنِي وَأَنَا عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ ، أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ ، وَأَبُوءُ لَكَ بِذَنْبِي ، فَاغْفِرْلِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ .[1]

**1 തവണ**

11. അല്ലാഹുവേ, നീയാണ് എന്റെ നാഥൻ. നീ അല്ലാതെ ആരാധ്യനില്ല. നീ എന്നെ സൃഷ്ടിച്ചു. നിന്റെ ദാസനാണ് ഞാൻ. എനിക്ക് സാധ്യമാവുന്നിടത്തോളം നിന്നോടുള്ള കരാറും ഉടമ്പടിയും പാലിക്കുന്നതാണ്. ഞാൻ ചെയ്ത മുഴുവൻ തിന്മകളിൽ നിന്ന് നിന്നിൽ രക്ഷക്ക് വേണ്ടി തേടുന്നു. നീ എനിക്ക് ചെയ്തു തന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ എനിക്ക് നീ പൊറുത്ത് തരണേ! നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല.

---

1 സയ്യിദുൽ ഇസ്തിഗ്ഫാർ

١٢. اَللهُمَّ عَالِمَ الغَيْبِ وَالشَّهَادَةِ فَاطِرَ السَّموَاتِ وَالأَرْضِ رَبَّ كُلِّ شَيْءٍ وَمَلِيكَه، أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَعُوذُ بِكَ مِنْ شَرِّ نَفْسِي وَمِنْ شَرِّ الشَّيْطَانِ وَشِرْكِهِ وَأَنْ أَقْتَرِفَ عَلَى نَفْسِي سُوءاً أَوْ أَجُرَّهُ إِلَى مُسْلِمٍ.

**1 തവണ**

12. ദൃശ്യവും അദൃശ്യവും അറിയുന്നവനും ഭൂമിയും ആകാശങ്ങളും സൃഷ്ടിച്ചവനും സർവ്വ വസ്തുക്കളുടേയും നാഥനും ഉടമയുമായ അല്ലാഹുവേ, നിശ്ചയം നീ അല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്റെ ശരീരത്തിന്റെ തിന്മകളിൽ നിന്നും പിശാചിന്റെ കെടുതികളിൽ നിന്നും അല്ലാഹുവിൽ പങ്കുചേർക്കുവാൻ അവൻ ക്ഷണിക്കുന്ന കാര്യങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ഞാൻ എന്നോട് തന്നെ തിന്മ ചെയ്യുന്നതിൽ നിന്നും അത് ഒരു മുസ്‌ലിമിലേക്ക് കൊണ്ടുവരുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

١٣. رَضِيتُ بِاللهِ رَبًّا وَبِالإِسْلَامِ دِينًا وَبِمُحَمَّدٍ ﷺ نَبِيًّا

**3 തവണ**

13. അല്ലാഹുവിനെ റബ്ബായും ഇസ്‌ലാമിനെ മതമായും മുഹമ്മദി ﷺ നെ നബിയായും ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

١٤. بِسْمِ اللهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْءٌ فِي الْأَرْضِ وَلاَ فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ

**3 തവണ**

14. അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പ്രാർത്ഥിക്കുന്നു) ആ നാമത്തോടൊപ്പം ഭൂമിയിലോ ആകാശത്തിലോ ഉള്ള ഒരു വസ്തുവും ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.

١٥. لَا إِلَٰهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

**10 തവണ**

15. അല്ലാഹു അല്ലാതെ യാതൊരു ആരാധ്യനുമില്ല, അവൻ ഏകനാകുന്നു, അവന് പങ്കുകാരില്ല, അവനാകുന്നു ആധിപത്യം, അവനാകുന്നു സർവ സ്തുതിയും, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാറ്റിനും കഴിവുള്ളവനാകുന്നു.

١٦. اَللهُمَّ صَلِّ وَ سَلِّمْ عَلَى نَبِيِّنَا مُحَمَّدٍ

**10 തവണ**

16. അല്ലാഹുവേ, ഞങ്ങളുടെ നബിയായ മുഹമ്മദ് നബി ﷺ യുടെ മേൽ സ്വലാത്തും സമാധാനവും നൽകേണമേ!

١٧. اَللهُمَّ إِنِّي أَسْأَلُكَ عِلْماً نَافِعاً وَرِزْقاً طَيِّباً وَعَمَلاً مُتَقَبَّلاً

**1 തവണ സുബ്ഹ്ന് ശേഷം**

17. അല്ലാഹുവേ, ഉപകരിക്കുന്ന വിജ്ഞാനവും വിശിഷ്ടമായ ഉപജീവനവും സ്വീകാര്യമായ കർമ്മങ്ങളും നിന്നോട് ഞാൻ ചോദിക്കുന്നു.

١٨. يَا حَيُّ يَا قَيُّومُ بِرَحْمَتِكَ أَسْتَغِيثُ أَصْلِحْ لِي شَأْنِي كُلَّهُ وَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ

**1 തവണ**

18. എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാം നിയന്ത്രിക്കുന്നവനുമായവനേ നിന്റെ കാരുണ്യം കൊണ്ട് എന്നെ സഹായിക്കേണമേ! എന്റെ എല്ലാ കാര്യങ്ങളും നന്നാക്കിത്തീർക്കുകയും ചെയ്യേണമേ! ഇമ വെട്ടുന്ന സമയത്തേക്കു പോലും എന്നെ എന്നിലേക്ക് ഏൽപ്പിക്കരുതേ!

١٩. سُبْحَانَ اللهِ وَبِحَمْدِهِ، عَدَدَ خَلْقِهِ وَرِضَا نَفْسِهِ وَزِنَةَ عَرْشِهِ وَمِدَادَ كَلِمَاتِهِ

**3 തവണ രാവിലെ**

19. അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞൻ വാഴ്ത്തുന്നു; അവന്റെ സൃഷ്ടി കളുടെ എണ്ണത്തോളം, അവന്റെ മനസ്സിന്റെ തൃപ്തിയോളം, അവന്റെ സിംഹാസനത്തിന്റെ ഭാരത്തോളം, അവന്റെ വചനങ്ങളുടെ അളവോളം.

٢٠. أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

**3 തവണ വൈകുന്നേരം**

20. അല്ലാഹുവിന്റെ സമ്പൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ച വയുടെ തിന്മയിൽ നിന്ന് ഞാൻ അഭയം തേടുന്നു

٢١. أَسْتَغْفِرُ اللهَ وَأَتُوبُ إِلَيْهِ

**ദിവസം 100 തവണ**

21. ഞാൻ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും അവനിലേക്ക് പാശ്ചാതപിച്ചു മടങ്ങുകയും ചെയ്യുന്നു.

٢٢. سُبْحَانَ اللهِ وَبِحَمْدِهِ

**ദിവസം 100 തവണ**

22. അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധി ഞാൻ വാഴ്ത്തുന്നു.

സുബ്ഹ് നമസ്കാരം ജമാഅത്തായി നിർവഹിച്ച ശേഷം സൂര്യോദയം വരെ ദിക്റിൽ കഴിയുകയും പിന്നീട് രണ്ട് റക്അത്ത് നമസ്ക്കരിക്കുകയും ചെയ്താൽ ഒരു ഹജ്ജിന്റെയും ഉംറയുടെയും സമ്പൂർണ്ണ പ്രതിഫലം ലഭിക്കുന്നതാണ് എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്